## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2085 | 10.10.2011 - ൽ മറുപടിക്ക് |
|---|---|

### ജീവൻരക്ഷാ മരുന്നുകൾ സൂക്ഷിക്കുന്നതിന് സംവിധാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ:<br>ശ്രീ. പി.എ. മാധവൻ: | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മിക്ക സർക്കാർ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകൾ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ട്. |
| (ബി) | സംഭരണ ശേഷിയിലും കൂടുതൽ മരുന്നുകൾ വാങ്ങുന്നതുമൂലം മരുന്നുകൾ അശ്രദ്ധമായി സൂക്ഷിക്കേണ്ടി വരുന്നതും മഴയും വെയിലും ഏറ്റ് അവ നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇപ്പോൾ സർക്കാർ ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയാണോ; | (സി) | അതെ. |

| | | | |
|---|---|---|---|
| (ഡി) | മരുന്നുകൾ വാങ്ങുമ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകളുടെ ഡിമാന്റിനെപ്പറ്റിയും സംഭരണ ശേഷിയെപ്പറ്റിയും ആവശ്യമായ പഠനങ്ങൾ നടത്തുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. കഴിഞ്ഞ നാല് വർഷത്തെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചില മാറ്റങ്ങൾ വരുത്തി കൊണ്ടിരിക്കുകയാണ്. ഈ വർഷം മുതൽ ഓരോ ജില്ലയിലും ഇതിനായി ഡോക്ടർമാരുടെയും ഫാർമസിസ്റ്റുകളുടെയും ശിൽപ്പശാലയിലൂടെ വാർഷിക ഇൻഡന്റ് തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | മരുന്നുകൾ ഇങ്ങനെ നശിക്കുന്നതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ഇ) | മരുന്നു സംഭരണത്തിനായി ലഭ്യമായ വെയർഹൗസുകൾ ആധുനികവൽക്കരിച്ചും സംഭരണശേഷി കൂട്ടിയും ഓരോ ജില്ലയിലും ആവശ്യാനുസരണം മരുന്ന് സംഭരിക്കുന്നതിന് വേണ്ടിവരുന്ന സ്റ്റോറേജ് സൗകര്യം കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (എഫ്) | ജില്ലാതലത്തിൽ മരുന്നുകൾ സംഭരിക്കാൻ ആവശ്യമായ ആധുനിക ഗോഡൗണുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | വിവിധ ജില്ലാ മരുന്നു സംഭരണ ശാലകളുടെ നവീകരണവും സംഭരണ ശേഷി വർദ്ധിപ്പിക്കുതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുവേണ്ടി പുതുതായി നാല് വെയർഹൗസുകൾ വാടകയ്ക്ക് എടുത്തും, നിലവിലുള്ള വെയർഹൗസുകളുടെ ആധുനികവൽക്കരണവും സജ്ജമായിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ആഫീസർ